# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 887** — **11.07.2016 -ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകൾ

**ചോദ്യം** — **ഉത്തരം**

**ശ്രീ. കെ.കുഞ്ഞിരാമൻ** — **പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് എത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത് ;

(എ) എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ കീഴിൽ 153 എഞ്ചിനീയറിംഗ് കോളേജുകൾ 2016-17 അദ്ധ്യയന വർഷം പ്രവർത്തിക്കുന്നുണ്ട്.

(ബി) മുൻവർഷത്തിൽ സ്വാശ്രയകോളേജുകളിലെ മെറിറ്റ് വിഭാഗത്തിലും മാനേജ്മെന്റ് വിഭാഗത്തിലും എത്ര സീറ്റുകളാണ് ഒഴിഞ്ഞ് കിടന്നത് ; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) സ്വാശ്രയ കോളേജുകളിലെ ഒഴിഞ്ഞു കിടക്കുന്ന മാനേജ്മെന്റ് സീറ്റുകളുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. ഒഴിഞ്ഞ് കിടന്ന മെറിറ്റ് സീറ്റുകളുടെ വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു

| ജില്ല | ഒഴിഞ്ഞു കിടന്ന മെറിറ്റ് സീറ്റുകൾ |
|---|---|
| കാസർഗോഡ് | 391 |
| കണ്ണൂർ | 488 |
| കോഴിക്കോട് | 606 |
| മലപ്പുറം | 726 |
| പാലക്കാട് | 1142 |
| തൃശ്ശൂർ | 2171 |
| എറണാകുളം | 3083 |
| ഇടുക്കി | 310 |
| കോട്ടയം | 1038 |
| ആലപ്പുഴ | 902 |
| പത്തനംതിട്ട | 671 |
| കൊല്ലം | 1378 |
| തിരുവനന്തപുരം | 1916 |

(സി) സംസ്ഥാനത്ത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിജയശതമാനം കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ?

(സി) ഉണ്ട്.
സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളുടെ നിലവാര തകർച്ചയെ സംബന്ധിച്ചും കുറഞ്ഞ വിജയശതമാനത്തെ സംബന്ധിച്ചും ബഹു. ഹൈക്കോടതി രൂക്ഷമായി വിമർശിക്കുകയുണ്ടായി. ആയതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വാശ്രയ

എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെ കുറിച്ച് പഠിക്കാൻ സർക്കാർ ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചെയർമാനാക്കി ഒരു സമിതി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയുടെ ചെയർമാൻ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റ് പ്രതിനിധി കളുമായി ചർച്ച ചെയ്യുകയും കോളേജുകളിലെ അക്കാദമിക് ഗുണ നിലവാരം ഉയർത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

പുതിയതായി ആരംഭിച്ച എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ കീഴിൽ 2015-16 അദ്ധ്യയന വർഷത്തിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ഇതുവരെയായി 2 സെമസ്റ്റർ പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്. വിജയശതമാന ത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**